©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2025 സെപ്റ്റംബർ 01
01st September 2025
1201 ചിങ്ങം 16
16th Chingam 1201
1947 ഭാദ്രം 10
10th Bhadra 1947

നമ്പർ
No.
3137

കേരള സർക്കാർ
മത്സ്യബന്ധന ഉറമുഖ (സി) വകുപ്പ്
വിജ്ഞാപനം

സ.ഉ (അച്ചടി) നം.25/2025/F&P

30-08-2025
തിരുവനന്തപുരം

എസ്. ആർ. ഒ. നമ്പർ 994/2025

2014-ലെ കേരള മത്സ്യവിത്ത് ആക്ടിലെ (2015 ലെ 4) 13-ാം വകുപ്പ് (എ) ഖണ്ഡ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച കൊണ്ട്, കേരള സർക്കാർ, കൃഷിക്കു വേണ്ടി ഉപയോഗിക്കാവുന്ന PACU

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(Piaractus brachypomus) മത്സ്യവിത്തിന്റെ കുറഞ്ഞ ശരീരഭാരം 10 ഗ്രാം ആയി നിജപ്പെടുത്തി ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതുഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2014-ലെ കേരള മത്സ്യവിത്ത് ആക്ടിലെ (2015-ലെ 4) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന്, സംസ്ഥാന മത്സ്യവിത്ത് കേന്ദ്രവുമായി കൂടിയാലോചന നടത്തിയതിനു ശേഷം, മത്സ്യവിത്ത് വളർത്തലിന്റെയോ മത്സ്യകൃഷിയുടെയോ ആവശ്യത്തിനു വേണ്ടി വിൽക്കേണ്ടതായ ഏതെങ്കിലും മത്സ്യവിത്തിന്റെ തരത്തിന്റെയോ ഇനത്തിന്റെയോ ഗുണനിലവാരം നിയന്ത്രിക്കേണ്ടത് ആവശ്യമാണെന്നോ യുക്തമാണെന്നോ കരുതുന്ന പക്ഷം, അതിന് പ്രസ്തുത ആക്ടിന്റെ ആവശ്യങ്ങൾക്കായി, വിജ്ഞാപനം വഴി, അങ്ങനെയുള്ള തരത്തിലുള്ളതോ ഇനത്തിലുള്ളതോ ആയ മത്സ്യവിത്തിനെ ഒരു വിജ്ഞാപനം ചെയ്യപ്പെട്ട് തരമായോ ഇനമായോ പ്രഖ്യാപിക്കാവുന്നതും വ്യത്യസ്ത പ്രദേശങ്ങൾക്ക് വേണ്ടി വ്യത്യസ്ത തരത്തിലുള്ളതോ ഇനത്തിലുള്ളതോ ആയ മത്സ്യവിത്തുകളെ വിജ്ഞാപനം ചെയ്യാവുന്നതുമാണ്. ഇപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും തരത്തിലുള്ളതോ ഇനത്തിലുള്ളതോ ആയ ഏതെങ്കിലും മത്സ്യവിത്തിന്റെ ഏറ്റവും കുറഞ്ഞ വലിപ്പം 13-ാം വകുപ്പ് (എ) ഖണ്ഡ പ്രകാരം സർക്കാരിന്, സംസ്ഥാന മത്സ്യവിത്ത് കേന്ദ്രവുമായി കൂടിയാലോചന നടത്തിയതിനു ശേഷം പ്രഖ്യാപിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതുമാണ്.

2014-ലെ കേരള മത്സ്യവിത്ത് ആക്ടിന്റെ (2015-ലെ 4) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് 2025 മെയ് 6-ാം തീയതിയിലെ സ.ഉ.(അച്ചടി) നം.7/2025/F&P നമ്പറായി പുറപ്പെടുവിച്ചതും 2025 മെയ് 8-ാം തീയതിയിലെ 1727-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 543/2025 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം PACU (Piaractus brachypomus)-നെ കൃഷിക്കു വേണ്ടി ഉപയോഗിക്കാവുന്ന മത്സ്യവിത്തിനമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. തുടർന്ന് പ്രസ്തുത ആക്ടിന്റെ 13-ാം വകുപ്പ് (എ) ഖണ്ഡ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കൃഷിക്ക് വേണ്ടി ഉപയോഗിക്കാവുന്ന PACU (Piaractus brachypomus) മത്സ്യവിത്തിന്റെ കുറഞ്ഞ ശരീരഭാരം 10 ഗ്രാം ആയി പ്രഖ്യാപിച്ചുകൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.01 03:29:17 +05:30